No. CEE/3737/2012/KEAM-2013/TA1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## 2013 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ്

2013 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ **11.07.2013** ന് ആരംഭിക്കുന്നതാണ്. ഇതിനോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും **11.07.2013 മുതൽ 12.07.2013, 3 മണി വരെ** www.cee.kerala.gov.in എന്ന വെബ് സൈറ്റിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്. **12.07.2013** വൈകുന്നേരം **3** മണി വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **13.07.2013** ന് **രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.** രണ്ടാം ഘട്ട അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി ഫീസ് **15.07.2013, 16.07.2013, 17.07.2013** എന്നീ തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കേണ്ടതാണ്. **SBT** ശാഖകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്.

കേന്ദ്രീകൃത അലോട്ടുമെന്റ് പ്രക്രിയ പ്രകാരം അലോട്ടുമെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും രണ്ടാം ഘട്ട അലോട്ടുമെന്റ് മെമ്മോയുടെ പ്രിന്റൗട്ടും KEAM 2013 പ്രോസ്പെക്ടസ് ഖണ്ഡിക **11.7.1** ൽ പറയുന്ന രേഖകളുടെ അസ്സലും സഹിതം **15.07.2013, 16.07.2013, 17.07.2013** എന്നീ തീയതികളിൽ അതത് കോളേജ് പ്രിൻസിപ്പലിനു മുമ്പാകെ നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. ഫീസിനത്തിൽ കോളേജിൽ അടയ്ക്കേണ്ട ബാക്കിതുക ഉണ്ടെങ്കിൽ അത് അഡ്മിഷൻ സമയത്ത് കോളേജിൽ ഒടുക്കേണ്ടതാണ്.

**19.07.2013** വൈകുന്നേരം **5.30 ന്** മുമ്പ് ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർ നോൺ ജോയിനിംഗ് റിപ്പോർട്ട് ഓൺലൈനായി രേഖപ്പെടുത്തിയ ശേഷം അതിന്റെ പ്രിൻൗട്ട് ഈ ഓഫീസിലേക്ക് ഫാക്സ് മുഖാന്തിരം അയച്ചു തരേണ്ടതാണ്.

**രണ്ടാം ഘട്ട അലോട്ടുമെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു:**

| | |
|---|---|
| 11.07.2013, 12.07.2013 | നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോളേജിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു |
| 12.07.2013<br>(വൈകുന്നേരം 3 മണി ) | ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു |
| **13.07.2013** | **രണ്ടാം ഘട്ട അലോട്ടുമെന്റ് (സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേക്കുള്ള അവസാന ഘട്ട അലോട്ട്മെന്റ്)** |
| 15.07.2013, 16.07.2013 &<br>17.07.2013 | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഫീസ്/ ബാക്കി ഫീസ് ഒടുക്കിയ ശേഷം വിദ്യാർത്ഥികൾ അലോട്ടുമെന്റ് ലഭിച്ച കോളേജിലെ പ്രിൻസിപ്പലിനു മുമ്പാകെ ബന്ധപ്പെട്ട അസ്സൽ രേഖകൾ സഹിതം ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അതോടൊപ്പം ഫീസിനത്തിൽ കോളേജിൽ ഒടുക്കേണ്ട ബാക്കി തുക ഉണ്ടെങ്കിൽ അതും കോളേജിൽ ഒടുക്കേണ്ടതാണ്. |
| 19.07.2013<br>(വൈകുന്നേരം 5.30) | കോളേജ് പ്രിൻസിപ്പൽമാർ നോൺ ജോയിനിംഗ് റിപ്പോർട്ട് പ്രവേശന പരീക്ഷ കമ്മീഷണർക്കു ഓൺലൈനായും അതിന്റെ പ്രിൻൗട്ട് ഫാക്സ് മുഖാന്തിരവും നൽകണം. |

**നിർദ്ദിഷ്ട തീയതികളിൽ കോളേജുകളിൽ ഹാജരായി അഡ്മിഷൻ എടുക്കാത്ത വിദ്യാർത്ഥികളുടെ അലോട്ടുമെന്റും ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. അവരെ തുടർന്നുള്ള അലോട്ടുമെന്റുകൾക്ക് പരിഗണിക്കുന്നതല്ല.**

**രണ്ടാം ഘട്ട അലോട്ട്മെന്റിൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അതത് കോളേജുകളിൽ നിർബന്ധമായും പ്രവേശനം പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രോസ്പെക്ടസിലെ ക്ലോസ് 12.2.4 (സി) പ്രകാരമുള്ള പിഴ ഒടുക്കാൻ ബാദ്ധ്യസ്ഥരായിരിക്കും.**

രണ്ടാം ഘട്ട അലോട്ടുമെന്റിൽ താഴെപറയുന്ന കോളേജുകളിലേക്ക് പുതുതായി ഓപ്ഷൻ നൽകാവുന്നതാണ്.

| Sl. No | Code No. | Name of College | Course Code and seats |
|---|---|---|---|
| 1 | KTR | KMCT College of Architecture, Kalanthode, Kozhikkode | AR-40 |
| 2 | MTR | KMCT College of Architecture, Manassery, Mukkom, Kozhikkode | AR-40 |

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 9047/2012, 9048/2012 എന്നീ കേസുകളിലെ 2012 ഡിസംബർ 13 ാം തീയതിയിലെ വിധി കണക്കിലെടുത്താണ് അലോട്ട്മെന്റ് ഷെഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
09.07.2013

**പ്രവേശന പരീക്ഷാ കമ്മീഷണർ**